അപ്ഗ്രഡേഷന്റെ ഫലമായി നിയമിക്കപ്പെടുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും

99 (1409) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഫലമായി എത്ര അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിക്കേണ്ടതായി വരും ;

(ബി) പുതുതായി നിയമിക്കേണ്ടവരെ പ്രൊട്ടക്ടഡ് അദ്ധ്യാപകരിൽ നിന്നും നിയമിക്കാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂർ ജില്ലയിൽ അപ്ഗ്രേഡ് ചെയ്യുന്ന വിദ്യാലയങ്ങൾ

100 (1410) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം അപ്ഗ്രേഡ് ചെയ്യുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

അൺ ഇക്കണോമിക് സ്കൂളുകൾ

101 (1411) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹൈസ്കൂളുകൾ, യു. പി. സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ എന്നിവയുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കൂളുകൾ ഇക്കണോമിക് ആയി നടത്തിക്കൊണ്ടു പോകുന്നതിന് കുറഞ്ഞത് എത്ര വിദ്യാർത്ഥികളുണ്ടായിരിക്കണം ;

(സി) അൺ-ഇക്കണോമിക് സ്കൂളുകളുടെ പേര് വിവരം കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) - ഹൈസ്കൂളുകൾ - 2616

യു . പി. സ്കൂളുകൾ - 2953

പ്രൈമറി സ്കൂളുകൾ - 6714

(എൽ.പി)

(ബി) കേരള വിദ്യാഭ്യാസ ചട്ടത്തിലെ അദ്ധ്യായം V റൂൾ 22 എ പ്രകാരം എൽ. പി., യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിൽ ഇക്കണോമിക്കായി നടത്തിക്കൊണ്ടുപോകുന്നതിന് കുറഞ്ഞത് 25 കുട്ടികൾ വീതം ഉണ്ടായിരിക്കണം.

(സി) നടപ്പ് അദ്ധ്യയന വർഷത്തിലെ സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച പൂർണ്ണ വിവരം ലഭിച്ചാൽ മാത്രമേ അന്തിമ ലിസ്റ്റ് തയ്യാറാക്കാൻ കഴിയൂ.

ഡിവിഷൻ ഫാൾ ഉണ്ടായ സ്കൂളുകൾ

102 (1412) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്കൂൾ വർഷത്തിൽ എത്ര സ്കൂളുകളിൽ ഡിവിഷൻ ഫാൾ ഉണ്ടായി ;

(ബി) അതുമൂലം എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടും ;

(സി) കുട്ടികളുടെ കുറവുമൂലം സ്കൂളുകൾ പൂട്ടേണ്ടതായി വരുമോ ; എങ്കിൽ എത്ര സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2003-2004 തസ്തിക നിർണ്ണയം നടത്താൻ 14-7-2003 വരെ സമയം അനുവദിച്ചിട്ടുള്ളതിനാൽ അതിന് ശേഷം മാത്രമേ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly